"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.എ.ആർ 12-1/87/2022/പി&എആർഡി
ഉദ്യോഗസ്ഥ ഭരണപരിഷ്കാര(എ ആർ12) വകുപ്പ്
തിരുവനന്തപുരം,
തീയതി: 02-09-2024

<u>സർക്കുലർ</u>

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്-സേവനാവകാശ നിയമം 2012-പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് നിയമം നടപ്പാക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നത് -സംബന്ധിച്ച്.

സൂചന:- (1) 6.8.2012 ലെ 13450/ലെഗ് .ബി1/2012/നിയമം നമ്പർ വിജ്ഞാപനം.
(2) 27.10.2012 ലെ സ.ഉ(പി) 55/2012/ഉ.ഭ.പ.വ നമ്പർ വിജ്ഞാപനം.
(3) 27.10.2012 ലെ സ.ഉ(പി) 56/2012/ഉ.ഭ.പ.വ നമ്പർ വിജ്ഞാപനം.
(4) 14.12.2023ലെ സ.ഉ(സാധാ) 498 /2023/P&ARD നമ്പർ ഉത്തരവ്.
(5) കേരള നിയമപരിഷ്കരണ കമ്മീഷൻ സെക്രട്ടറിയുടെ 9.5.2024ലെ 29/A1/2024/KLRC നമ്പർ കത്ത്.

സൂചന 1,2,3 പ്രകാരം 2012 നവംബർ 1 ന് സംസ്ഥാനത്ത് സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യുക എന്നതാണ് സേവനാവകാശ നിയമത്തിന്റെ ഉദ്ദേശലക്ഷ്യം.

2) നിയമം പ്രാബല്യത്തിൽ വന്നത് മുതൽ നാളിതുവരെ ആധുനിക സാങ്കേതികവിദ്യയിൽ ഉണ്ടായ വളർച്ച എല്ലാ മേഖലകളിലും പ്രത്യേകിച്ച് സേവനമേഖലയിൽ വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുകയുണ്ടായി. ഓൺലൈൻ സേവനങ്ങളുടെ വളർച്ചയ്ക്ക് ആനുപാതികമായി കൂടുതൽ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും, പൊതുജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യേണ്ടത് അനിവാര്യമായിത്തീർന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിക്കണമെന്ന് സർക്കാർ തീരുമാനിക്കുകയും, വിവിധ തലത്തിലുള്ള കൂടിയാലോചനകൾക്കും തീരുമാനങ്ങൾക്കും ശേഷം പ്രസ്തുത നിയമം പരിഷ്കരിക്കുന്നതിനായി കേരള നിയമപരിഷ്കരണ കമ്മീഷനെ ചുമതലപ്പെടുത്തുകയുമുണ്ടായി.

3) പ്രസ്തുത കമ്മീഷൻ "ദി കേരള റൈറ്റ് ടു പബ്ലിക് സർവ്വീസ് ബിൽ -2024" കരട് ബിൽ സമർപ്പിക്കുകയും ആയത് നിയമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. അപ്രകാരം പരിഷ്കരിച്ച സേവനാവകാശ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടത് അനിവാര്യമാണ്.

4) ആകയാൽ പൊതുജനങ്ങൾക്ക് നേരിട്ട് സേവനം പ്രദാനം ചെയ്യുന്നതായ ഓരോ സർക്കാർ വകുപ്പും, ഓരോ വകുപ്പുമേധാവിയും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും, ഓരോ നിയമാധിഷ്ഠിത നികായവും സേവനാവകാശവുമായി ബന്ധപ്പെട്ട പരിഷ്കരിച്ച നിയമം നടപ്പാക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

പുനീത് കുമാർ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും.

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം(ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ് മേധാവികൾക്കും, എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പബ്ലിക് റിലേഷൻസ് ഡയറക്ടർ,തിരുവനന്തപുരം(അച്ചടി-ദൃശ്യ മാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന് )
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി )
രജിസ്ട്രാർ,കേരള/കുസാറ്റ്/കോഴിക്കോട്/എം.ജി/കണ്ണൂർ/ശ്രീ.ശങ്കരാചാര്യ/കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം)
മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (ആമുഖ കത്ത് സഹിതം)
സെക്രട്ടറി,കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ടു ചീഫ് സെക്രട്ടറി
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി